# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3705 | **11.11.2019-** ൽ മറുപടിക്ക് |
|---|---|

## റീബിൽഡ് കേരള പദ്ധതി

<table>
<tr><th>ചോദ്യം</th><th>മറുപടി</th></tr>
<tr><th>ശ്രീ.പി.കെ.ബഷീർ</th><th>പിണറായി വിജയൻ (മുഖ്യമന്ത്രി)</th></tr>
<tr><td>(എ) റീബിൽഡ് കേരള പദ്ധതികൾക്കായി ഇതുവരെ എത്ര രൂപ വായ്പ ലഭിച്ചു; വായ്പ നൽകിയ ഏജൻസികൾ ഏതൊക്കെ; ഓരോ വായ്പയുടെയുമുള്ള പലിശ നിരക്ക് എത്ര; വ്യക്തമാക്കുമോ;</td><td>(എ) കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പയും (DPL), ജർമൻ ബാങ്കായ KfW-ൽ നിന്ന് 170 മില്ല്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ധാരണാപത്രം ഒപ്പിട്ടു. ലോകബാങ്കിൽ നിന്നും ലഭ്യമായ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു
<table>
<tr><th>ഇനം</th><th>ഭാഗം - എ<br>കൺസഷണൽ വായ്പ</th><th>ഭാഗം - ബി<br>നോൺ-കൺസഷണൽ വായ്പ</th></tr>
<tr><td>തുക</td><td>1133.07 കോടി രൂപ</td><td>646.51 കോടി രൂപ</td></tr>
<tr><td>പലിശനിരക്ക്</td><td>1.25% വാർഷിക പലിശ</td><td>LIBOR+ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക്</td></tr>
<tr><td>തിരിച്ചടവ് കാലാവധി</td><td>15/11/2024 മുതൽ 15/05/2049 വരെ 50 അർദ്ധ വാർഷിക തവണകൾ</td><td>15/11/2024 മുതൽ 15/11/2043 വരെ 39 അർദ്ധവാർഷിക തവണകൾ</td></tr>
</table>
</td></tr>
<tr><td>(ബി) റീബിൽഡ് കേരള പദ്ധതികൾക്കായി മുഖ്യമന്ത്രി വിദേശ രാജ്യങ്ങൾ</td><td>(ബി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണം സംബന്ധിച്ച ചർച്ചകൾക്കും ആയതിന് വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക-</td></tr>
</table>

| | |
|---|---|
| സന്ദർശിച്ചപ്പോൾ എത്ര രൂപയുടെ വാഗ്ദാനങ്ങൾ ലഭിച്ചിരുന്നു; അതിൽ എത്ര രൂപ ഇതുവരെ ലഭിച്ചു;വിശദമാക്കാമോ; | സാങ്കേതിക സഹായസഹകരണങ്ങൾ (ക്രൗഡ് ഫണ്ടിങ് ഉൾപ്പെടെ) അഭ്യർഥിക്കുന്നതിനുമായി മുഖ്യമന്ത്രിയും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഉൾപ്പെടുന്ന രണ്ടംഗസംഘം യു.എ.ഇ. സന്ദർശിച്ചിരുന്നു.<br>പ്രളയാനന്തര പുനർനിർമാണത്തിനായുള്ള സാമ്പത്തിക സഹായം (ക്രൗഡ് ഫണ്ടിങ് ഉൾപ്പെടെ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കാണ് ലഭിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 4656.95 കോടി രൂപ (08/11/2019 വരെ) ലഭിച്ചിട്ടുണ്ട്. ഇതിൽ 229.82 കോടി രൂപ പൊതുജനങ്ങളിൽനിന്ന് ഇലക്ട്രോണിക് ബാങ്കിങ് ഇടപാടു മുഖേനയും 2731.84 കോടി രൂപ അല്ലാതെയും ലഭിച്ചതാണ്. മുഖ്യമന്ത്രിയുടെ സന്ദർശനത്തിന്റെ ഫലമായി ലഭിച്ച സാമ്പത്തികസഹായം ഉൾപ്പെടെയുള്ള കണക്കാണിത്. അതേസമയം, ഏതെങ്കിലും വിദേശ രാജ്യത്തുനിന്ന് കേരളത്തിലെ പ്രളയവുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തുകൊണ്ടുള്ള കത്തുകളോ പ്രൊപ്പോസലുകളോ ലഭിച്ചിട്ടില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) ഇതിനായി മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും അവരെ അനുഗമിച്ച ഉദ്യോഗസ്ഥരുടെയും വിദേശയാത്രകൾക്ക് എത്ര രൂപ ചെലവായി; വിശദാംശം വെളിപ്പെടുത്തുമോ? | (സി) മുഖ്യമന്ത്രിയും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും 17.10.2018 മുതൽ 21.10.2018 വരെ നവകേരള നിർമിതിയുമായി ബന്ധപ്പെട്ട് പ്രവാസി മലയാളികളുമായി സംവദിക്കുന്നതിനായി യു.എ.ഇയിൽ പോയിരുന്നു. ഇതിനായി ഡി.എ., വിമാനയാത്ര എന്നിവയ്ക്കായി 3,94,448.5 രൂപ ചെലവായി. നവകേരള നിർമിതിയുമായി ബന്ധപ്പെട്ട് മറ്റു മന്ത്രിമാർ വിദേശരാജ്യങ്ങൾ സന്ദർശിച്ചിരുന്നില്ല. |

**സെക്ഷൻ ഓഫീസർ**